നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിൽ ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽനിന്നും നാളികേരം സംഭരിക്കുന്നത്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതുദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു.

അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷിക പദ്ധതികൾ

147 (2981) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കൃഷി ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കൃഷി ഓഫീസുകൾവഴി 2011-2016 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി വകയിരുത്തിയിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

വീട്ടിൽ ഒരു മാവ് പദ്ധതി

148 (2982) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടിൽ ഒരു മാവ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി എത്ര മാവിൻ തൈയ്യാണ് വിതരണം ചെയ്തത്; മാവിൻ തൈ വിതരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; മാവിൻ തൈയ്ക്ക് കർഷകരിൽ നിന്നും തുക ഈടാക്കിയിരുന്നോ; ഈടാക്കിയിരുന്നെങ്കിൽ എത്ര രൂപ ഇത്തരത്തിൽ ഒരു മാവിൻ തൈയ്ക്ക് ഈടാക്കി എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാവിൻ തൈ വിതരണത്തിന് പല പഞ്ചായത്തുകളിലും മെമ്പർമാർ അനധികൃതമായി കർഷകരിൽ നിന്നും പണം ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അനധികൃതമായി തുക ഈടാക്കിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മാവിന്റെ വിള വിസ്തൃതി വ്യാപനം എന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ ഘടകം ഒരു വീട്ടിൽ ഒരു മാവ് എന്ന പേരിൽ 2011-12 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകളിലായി 722670 മാവിൻ തൈകൾ വിതരണം ചെയ്തു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തിൽ 556 പഞ്ചായത്തുകളിലായി 16,68,000 മാവിൻതൈകൾ വിതരണം ചെയ്തു വരുന്നു. മാവിൻതൈ വിതരണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ), ഹോർട്ടികോർപ്പ്, M/s. ഗ്രീന മെഡൊസ് അഗ്രി ഹോർട്ടിസൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം, വൃക്ഷാ നേഴ്സറി വയനാട്, ആർ.എ.ആർ.എസ്. അമ്പലവയൽ, ആറളം ഫാം എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മാവിൻ തൈയ്ക്ക് കർഷകരിൽനിന്നും തുക ഈടാക്കിയിരുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കുന്നതാണ്.

കശുമുളക് വിലയും ഇറക്കുമതിയും

149 (2983) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് എതെല്ലാം രാജ്യങ്ങളിൽ നിന്ന് കശുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്;

(ബി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിമൂലം കശുമുളകിന്റെ വില കുറയുന്നതായും, കേരളത്തിലെ കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ കശുമുളക് കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly